**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3613 — 17.10.2011 -ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | പകർച്ച വ്യാധികൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | പകർച്ചപ്പനി തടയുവാൻ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടേയും ആരോഗ്യ പ്രവർത്തകരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജന നേതാക്കളുടെയും പങ്കാളിത്തത്തോടെ പരിസര ശുചീകരണം ഫലപ്രദമായി നടത്തിവരുന്നു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം, കൊതുകു കൂത്താടി ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവത്ക്കരണം എന്നിവ നടത്തി വരുന്നു. സെപ്റ്റംബർ 25-ന് വൈകിട്ട് സർക്കാർ തലത്തിൽ വിശദമായ അവലോകന യോഗം നടത്തുകയും സംസ്ഥാനതലത്തിൽ രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ . നിർദ്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള മറ്റ് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനത്തിൽ ഇതര വകുപ്പുകൾ കാര്യക്ഷമമായി പങ്കെടുക്കാനുള്ള നിർദ്ദേശം നൽകി. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന "മാലിന്യമുക്ത കേരളം" പദ്ധതിക്ക് തുടക്കമിട്ടു.പകർച്ച വ്യാധി തടയുന്ന |

| | | | |
|---|---|---|---|
| | | | ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പകർച്ച വ്യാധി രോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്വകാര്യ സർക്കാർ ആശുപത്രികളിൽ നിന്നും ലബോറട്ടറികളിൽ നിന്നും ശേഖരിക്കാനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തി. ബോധ വത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് പ്രചരണം, പ്രാദേശിക ടി.വി.ചാനലുകൾ വഴിയുള്ള പ്രചരണം, ബിറ്റ് നോട്ടീസ് വിതരണം , സ്കൂൾ അസംബ്ളി വഴിയുള്ള പ്രവർത്തനങ്ങൾ, പത്ര സമ്മേളന ങ്ങൾ എന്നിവ വഴി രോഗ പ്രതിരോധ പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുവാൻ കഴിഞ്ഞു. പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ "Four Plus" എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയത്ന പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജിലും കാമ്പസ് ഫോർ ഹെൽത്ത് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകു നിർമ്മാർജ്ജന, രോഗ പ്രതിരോധ പരിപാടികൾ നടത്തി വരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ , ഡോക്ടർമാർ, മറ്റു ആശുപത്രി ജീവനക്കാർ എന്നിവർക്ക് രോഗം വരുന്നത് തടയുന്നതിനുള്ള കർമ്മ പരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIRD സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഹൗസ് സർജന്മാർക്കും ഇതിലെ പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ഒക്ടോബർ 2 മുതൽ നവംബർ 3 വരെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ആരോഗ്യ സന്ദേശ യാത്ര നടത്തിവരുന്നു. |
| (ബി) | സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; | (ബി) | സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ ഡോക്ടർമാരുടെ ആകെ 820 ഒഴിവുകളാണ് ആരോഗ്യ വകുപ്പിൽ ഉള്ളത്. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സമയബന്ധിതമായ പദ്ധതിയും നടപടികളും സ്വീകരിച്ചിട്ടുണ്ടോ; | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (ഡി) | പി.എസ്.സി. ലിസ്റ്റുകളുള്ള തസ്തികകളിൽ പി.എസ്.സി. മുഖാന്തിരവും, സി.ആർ.എസ് ഡോക്ടർമാരെ നിയമിക്കാനും, അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കാനും, എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെ നിയമിക്കാനും, സിവിൽ സർജൻ തുടങ്ങിയ തസ്തികകളിൽ ഡി.പി.സി. നിർദ്ദേശാനുസരണം ഉദ്യോഗക്കയറ്റം നൽകി നിയമിക്കുവാനും വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ